# 20. കറുത്ത ഇടിമുഴക്കം

ഒരിക്കൽക്കൂടി പഞ്ചാബിലെ അമൃതസരസ്സിലുള്ള സുവർണക്ഷേത്രത്തിൽ നിന്നു് സിഖ് ഉഗ്രവാദികൾ ബഹിഷ്കരിക്കപ്പെട്ടിരിക്കുന്നു.

സുവർണക്ഷേത്രത്തെ ഉഗ്രവാദികൾ ഒരു ആയുധക്കോട്ടയാക്കി മാററുകയും അതിനകത്തു് ഖാലിസ്ഥാൻ സെക്രട്ടറിയേററ് സ്ഥാപിക്കുകയും ചെയ്തിട്ടു് കാലം കുറെയായി. പഞ്ചാബ് ഗവൺമെൻറിൻെറ പോലീസും അവരുടെ തുണയ്ക്കെത്തിയ കേന്ദ്ര റിസർവ് പോലീസ് സേനയും നിസ്സഹായരായി പുറത്തുനിന്നു് ഇതെല്ലാം കാണുകയായിരുന്നു. ഇന്ത്യയ്ക്കകത്തു് 'ഖാലിസ്ഥാൻ' എന്ന മറെറാരു രാഷ്ട്രത്തിൻെറ പരസ്യമായ പ്രവർത്തനം തടയാൻ, ഇപ്പോൾ രാഷ്ട്രപതിഭരണത്തിൻകീഴിലുള്ള പഞ്ചാബിലെ ഗവൺമെൻറ് ഫലപ്രദമായ നടപടികളെടുത്തതു് അടുത്തകാലത്തു മാത്രമാണു്. സുവർണക്ഷേത്രത്തിനകത്തേക്കും പുറത്തേക്കുമുള്ള ഗതാഗതം പഞ്ചാബ് പോലീസും കേന്ദ്ര റിസർവ് പോലീസും (സി. ആർ. പി. എഫ്.) ചേർന്നു് നിരോധിച്ചപ്പോൾ, ക്ഷേത്രത്തിനകത്തുള്ള ഉഗ്രവാദികൾ പുറത്തേക്കു വെടി തുടങ്ങി. അവരുടെ വെടി 1988 മെയ് 9-നു് കേന്ദ്ര റിസർവ് പോലീസ് ഡി. ഐ. ജി. എസ്.എസ്. വിർക്കിനു കൊണ്ടു. മെയ് 10-നു് ഭക്തജനങ്ങളെ ക്ഷേത്രത്തിൽ കടത്താതായി. നാഷനൽ സെക്യൂരിററി ഗാർഡിലെ 'കരിമ്പൂച്ചകൾ' (ബ്ലാക്ക് ക്യാററ്സ്) എന്നറിയപ്പെടുന്ന വിദഗ്ദ്ധ ഭടവിഭാഗം മെയ് 11-നു് രംഗത്തു വന്നു. കർഫ്യൂ ലംഘിച്ചു് ക്ഷേത്രത്തിൽ കടക്കാനെത്തിയ സിഖ് പുരോഹിതർ മെയ് 12-നു് അറസ്റ്റ്ചെയ്യപ്പെട്ടു. സുരക്ഷാസൈനികർ സുവർണക്ഷേത്രത്തിനു ചുററുമുള്ള കെട്ടിടങ്ങളിൽ പ്രവേശിച്ചതോടെ ക്ഷേത്രത്തിനകത്തുള്ള ഉഗ്രവാദികൾക്കു് വെള്ളം കിട്ടാതായി. മെയ് 15-നു് നൂററിനാല്പത്തഞ്ചു് ഉഗ്രവാദികൾ ക്ഷേത്രത്തിൽനിന്നു പുറത്തു വന്നു് കീഴടങ്ങി. അപ്പോഴും, സുവർണക്ഷേത്രത്തിൻെറ ശ്രീകോവിൽ എന്നു പറയാവുന്ന ഹർമന്ദിർസാഹിബിൽ അമ്പതോളം ഉഗ്രവാദികളും ഒട്ടേറെ ആയുധങ്ങളും വെടിക്കോപ്പുകളും അവശേഷിച്ചു. ഈ ഉഗ്രവാദികളിൽ നാല്പത്താറു പേർ മെയ് 18-നു് കീഴടങ്ങി. കുറേപ്പേർ വിഷം കഴിച്ചു് ആത്മഹത്യചെയ്തു. അങ്ങനെ മെയ് 18-നു് സുവർണക്ഷേത്രത്തിൽ വെടിയൊച്ച കേൾക്കാതായി.

ക്ഷേത്രത്തിൻെറ ശ്രീകോവിലിലോ, അതിനു ചുററുമുള്ള പ്രദക്ഷിണമാർഗത്തിലോ (പരിക്രമയിലോ) പോലീസ് കടക്കാതെതന്നെ ഉഗ്രവാദികളെ പുറത്തുചാടിക്കാൻ കൈക്കൊണ്ട ഈ പോലീസ് നടപടിക്കു് 'കറുത്ത ഇടിമുഴക്കം' (ഓപ്പറേഷൻ ബ്ലാക്ക് തണ്ടർ) എന്ന പേരാണു നൽകപ്പെട്ടിരുന്നതു്.

സുവർണക്ഷേത്രത്തിൽനിന്നു് ഉഗ്രവാദികളെ തുരത്തുന്നതു് ഇതു മൂന്നാമത്തെ തവണയാണു്. 1983-ൽ അതിനകത്തു കയറിക്കൂടിയ സന്ത് ജാർണെയിൽസിംഹ് ഭിൻഡെറാൻവാലെയുടെ അനുയായികളെ 1984 ജൂൺ 6-ാം തീയതി ഇൻഡ്യൻ പട്ടാളം അവിടെനിന്നു് പുറത്താക്കുകയുണ്ടായി. 'നീലനക്ഷത്രം' (ഓപ്പറേഷൻ ബ്ലൂ സ്റ്റാർ) എന്ന പേരിൽ അറിയപ്പെട്ട ഈ പട്ടാളനടപടിയിൽ, ഭിൻഡെറാൻവാലേ അടക്കം മുന്നൂററമ്പതോളം ഉഗ്രവാദികളും നൂറോളം സൈനികരും മരിച്ചു. ഈ സൈനികനടപടിക്കുള്ള പ്രതിക്രിയയെന്ന നിലയിലാണു് 1984 ഒക്ടോബർ 31-ാം തീയതി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി സ്വന്തം കാവൽക്കാരാൽ നിഷ്ഠുരമാംവിധം വധിക്കപ്പെട്ടതു്.

ഇതിനുശേഷം, രാജീവ്-ലോംഗോവാൾ ഒത്തുതീർപ്പിനെത്തുടർന്നു് നടന്ന തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന സുർജിത്സിംഹ് ബർണാ

ലയുടെ അകാലി പാർട്ടി ഗവണ്മെൻറ് പഞ്ചാബിൽ ഭരണം നടത്തിക്കൊണ്ടിരിക്കെ, 1986 ജനവരി 26-ാം തീയതി ഇരുനൂറോളം സിഖ് ഉഗ്രവാദികൾ വീണ്ടും സുവർണക്ഷേത്രം കയ്യേറുകയും അവിടെ ഖാലിസ്ഥാൻ പതാക ഉയർത്തുകയും, ഗുരുദ്വാരകളുടെ ഭരണത്തിന് നിയമപ്രകാരം ചുമതലപ്പെട്ട ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മററി പിരിച്ചുവിടുകയും അതിൻെറ സ്ഥാനത്ത് അഞ്ചു് അംഗങ്ങളുള്ള ഒരു പന്ഥിക് കമ്മററിയെ നിയമിക്കുകയുംചെയ്തു. 1986 ഏപ്രിൽ 29-ാം തീയതി ചേർന്ന ഒരു പത്രസമ്മേളനത്തിൽ ഈ ഉഗ്രവാദികൾ, ദില്ലി തലസ്ഥാനമാക്കി 'ഖാലിസ്ഥാൻ' എന്ന പരമാധികാരരാഷ്ട്രം സ്ഥാപിക്കാനായി, ഈ രാഷ്ട്രത്തിനുവേണ്ടി ഇന്ത്യക്കെതിരായുള്ള യുദ്ധം ആരംഭിച്ചതായും പ്രഖ്യാപിച്ചു. ഇതിനെത്തുടർന്ന് മുഖ്യമന്ത്രി ബർണാലയുടെ ആജ്ഞ അനുസരിച്ച്, പഞ്ചാബിലെ പോലീസ് ഡയറക്ടർ ജനറൽ ആയിരുന്ന റിബൈറോ, അതിർത്തി രക്ഷാസേനയുടെ സഹായത്തോടെ, ഏപ്രിൽ 30-ാം തീയതി രണ്ടാമതും സുവർണക്ഷേത്രത്തെ ഉഗ്രവാദികളിൽനിന്നു മോചിപ്പിച്ചു.

ഈ വിമോചനത്തിന് ഏഴു മാസം മുമ്പ് പഞ്ചാബിൽ അധികാരത്തിൽ വന്നിരുന്ന അകാലിദൾ, ഈ പോലീസ് നടപടിയുടെ ഫലമായി പിളർന്നു. തുടർന്ന് ഉഗ്രവാദികളുടെ അക്രമങ്ങൾ പഞ്ചാബിൽനിന്ന് ഇന്ത്യയുടെ മററു ഭാഗങ്ങളിലേക്കും വ്യാപിച്ചു. നിയമസമാധാനപാലനം അസാധ്യമായപ്പോൾ, ബർണാല സർക്കാരിനു നൽകിയിരുന്ന പിൻതുണ കോൺഗ്രസ് പാർട്ടി പിൻവലിച്ചു; സംസ്ഥാനം രാഷ്ട്രപതിഭരണത്തിനു കീഴിലാവുകയും ചെയ്തു. ഉഗ്രവാദികളുമായി അനുരഞ്ജനാത്മകമായ ഒരു സമീപനം സാധ്യമാണോ എന്നു കേന്ദ്രഗവണ്മെൻറ് പരീക്ഷിച്ചുനോക്കാതിരുന്നില്ല. പന്ഥിക് കമ്മററി സുവർണക്ഷേത്രത്തിലെ 'അകാൽതഖ്തി'ൻെറ 'ജഥേദാർ' (മുഖ്യപുരോഹിതൻ) ആയി നിയമിച്ചിരുന്ന ജസ്ബീർസിംഹ് റോഡേയെയും, തടങ്കലിലായിരുന്ന മററനേകം പുരോഹിതരെയും കേന്ദ്രഗവണ്മെൻറ് സ്വതന്ത്രരാക്കി. ഭിന്ദ്രൻവാലേയുടെ അനന്തിരവൻ ആയ റോഡേ, പക്ഷേ, നിർണായകമായ ഒരു നടപടിയും കൈക്കൊണ്ടില്ല. ഇതിനിടയിൽ, ആവശ്യമെങ്കിൽ പഞ്ചാബിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിന് അധികാരം നൽകുന്ന ഒരു ഭരണഘടനാഭേദഗതി കേന്ദ്രഗവണ്മെൻറ് പാർലമെൻറിൽ അവതരിപ്പിച്ചു പാസ്സാക്കിയിരുന്നു. ജസ്ബീർസിംഹ് റോഡേ ഉരുണ്ടുകളിക്കുകയും, അകാലിദൾ നേതാക്കൾ നിശ്ശബ്ദത പാലിക്കുകയും, ഉഗ്രവാദികൾ സുവർണക്ഷേത്രത്തിനകത്ത് ആയുധസജ്ജരായി നിലയുറപ്പിക്കുകയും, നഗരങ്ങളിലും നാട്ടിൻപുറങ്ങളിലുമുള്ള പാവപ്പെട്ടവർക്ക്—ഇവരിൽ സിക്കുകാരും ഉൾപ്പെടും—എതിരേ ക്രൂരമായ ഹിംസാനടപടികൾ അധികരിക്കുകയുംചെയ്യപ്പോൾ, ഉറച്ച എന്തെങ്കിലും നടപടിയെടുക്കുകയല്ലാതെ കേന്ദ്രഗവണ്മെൻറിനു ഗത്യന്തരമില്ലാതായി. അങ്ങനെയാണ് 'കറുത്ത ഇടിമുഴക്കത്തി'ലേക്ക് സംഗതികൾ നീങ്ങിയതു്.

'കറുത്ത ഇടിമുഴക്കം' സംശയരഹിതമായി തെളിയിച്ച ഒരു സംഗതി സിഖ്ജനത ഉഗ്രവാദികൾക്ക് പിന്തുണ നൽകുന്നില്ല എന്നതാണ്. പോലീസ് സുവർണക്ഷേത്രം ഉപരോധിച്ചതിനെതിരെ അകാലിദൾ നേതാക്കൾ ചില സൂചനാസത്യാഗ്രഹങ്ങൾ നടത്തിയെങ്കിലും സിഖ്ജനത ഇക്കാര്യത്തിൽ പൂർണ്ണമായ ഉദാസീനത പുലർത്തുകയാണുണ്ടായതു്.

അതേസമയം ഗവണ്മെൻറുമായി തികച്ചും നിസ്സഹകരിക്കുകയാണ് ശിരോമണി ഗുരുദ്വാരപ്രബന്ധക് കമ്മിററി ചെയ്യുന്നതു്. സുവർണക്ഷേത്രത്തിൻെറ മാത്രമല്ല പഞ്ചാബ് സംസ്ഥാനത്തിലുള്ള എല്ലാ ഗുരുദ്വാരകളുടെയും ഭരണത്തിനു ചുമതലപ്പെട്ട ഈ കമ്മിററി ഗുരുദ്വാരകളെ ആയുധപ്പുരകളാക്കി മാററുകയില്ലെന്ന ഉറപ്പ് ഗവണ്മെൻറിനു നൽകാൻ വിസമ്മതിച്ചിരിക്കുകയാ

ണ്ട്. ഇതിനർത്ഥം ഗുരുദ്വാരകളുടെ ഭരണത്തിന് മററ് എന്തെങ്കിലും ഏർപ്പാട് ഗവണ്മെൻറ് ഉണ്ടാക്കേണ്ടിവരുമെന്നാണ്.

ഖാലിസ്ഥാൻ സ്ഥാപിക്കുന്നതിനുവേണ്ടി ജീവൻ പണയംവെച്ചും പൊരുതാൻ തയ്യാറായവരും എന്ത് അക്രമവും പ്രവർത്തിക്കാൻ മടിയില്ലാത്തവരുമായ ഉഗ്രവാദികളുടെ ഒരു വലിയ സംഘം ഇപ്പോഴും പഞ്ചാബിൽ സ്വതന്ത്രരായി ജീവിക്കുന്നുണ്ട്. ഇവരുടെ എണ്ണം നാലായിരത്തിനും രണ്ടായിരത്തിനും ഇടയിലാണെന്നു വിശ്വസിക്കപ്പെടുന്നു. ഇവരിൽ മിക്കവർക്കും പാകിസ്ഥാനിലെ സൈനികകേന്ദ്രങ്ങളിൽനിന്ന് ആയുധപരിശീലനം ലഭിച്ചിട്ടുണ്ട്. മിസൈലുകളടക്കം അത്യാധുനികങ്ങളായ ആയുധങ്ങൾ ഇവർക്കു നിരന്തരം ലഭിച്ചുകൊണ്ടിരിക്കുന്നു. പണത്തിനാണെങ്കിൽ ഇവർക്കു യാതൊരു ക്ഷാമവുമില്ല. അമേരിക്കയിലും കാനഡയിലും ബ്രിട്ടനിലും മററുമുള്ള ചില സിഖ് സംഘടനകൾ നൽകുന്ന ഉദാരമായ സഹായം, പാകിസ്ഥാൻെറ പിന്തുണ എന്നിവയ്ക്കുപുറമെ കൊള്ളകൾ നടത്തിയും നിർബന്ധപ്പിരിവിലൂടെയും മയക്കുമരുന്നുകൾ വിററും ഇവർ ഇഷ്ടംപോലെ പണം സമ്പാദിക്കുന്നുണ്ട്. ടൈംബോംബുവെച്ചോ അട്ടിമറി നടത്തിയോ വെടിവെച്ചോ എന്നും കുറെ മരണങ്ങൾ എവിടെയെങ്കിലും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ് ഇവരുടെ ഇപ്പോഴത്തെ പരിപാടി. ഇന്ത്യയെപ്പോലെ ഒരു രാജ്യത്ത് ഇതിനു വലിയ പ്രയാസമില്ലതാനും. എന്നാൽ, തരംകിട്ടിയാൽ ഭരണത്തിൻെറ തലപ്പത്തുള്ളവരെയും സമൂഹത്തിൻെറ നേതാക്കളെയും വകവരുത്താൻ ഇവർ മടിക്കുകയില്ല.

സിഖ്പുരോഹിതർക്കും സിഖ്സമൂഹത്തിൻെറ സ്വാഭാവികനേതാക്കൾക്കും പൊതുവെ ഉഗ്രവാദികളോട് അനുഭാവമുണ്ടെന്നതിനു തെളിവുകളില്ല. അതേസമയം ഉഗ്രവാദികളെ എതിർക്കുന്ന സർക്കാരിനോടു പല കാരണങ്ങളാലും അവർക്കു നീരസമുണ്ട്. സർക്കാരിനു പിന്തുണ നൽകുന്ന പാർട്ടികളോടും അവർക്കുള്ളതു നല്ല ബന്ധങ്ങളല്ല. അതിനാൽ സിഖ്പൗരോഹിത്യമോ അകാലിദളിലെയും ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിററിയിലെയും നേതാക്കളോ ഉഗ്രവാദികൾക്കെതിരായി വായ് തുറക്കുകയില്ല. ക്രിയാത്മകനടപടികൾ കൈക്കൊള്ളുകയില്ലെന്നു പറയേണ്ടതുമില്ല.

ഈ പരിതഃസ്ഥിതിയിൽ പഞ്ചാബിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും സാധാരണ ജനങ്ങൾ ആത്മരക്ഷയ്ക്കായി സ്വയം സംഘടിക്കേണ്ടിവരും. ഈ സംഘടനകൾ ജാതിയുടെയോ മതത്തിൻെറയോ അടിസ്ഥാനത്തിലാവാനാണു സാദ്ധ്യത. അങ്ങനെ സംഘടിച്ച ജനങ്ങളുടെ കൈകളിൽ ആയുധങ്ങൾ കൂടി കൈവരുമ്പോൾ സമൂഹത്തിൽ നിയമ—സമാധാനവാഴ്ച, ആകെ തകരും. നിയമം യഥാർത്ഥത്തിൽ ഒരു കെട്ടുകഥ (ഫിക്ഷൻ) ആണ്; അതിനോടുള്ള ആദരം ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നീടതു പുനഃസ്ഥാപിക്കുക എളുപ്പമല്ല; ഇന്ത്യയിലേതുപോലുള്ള ഒരു ദുർബല ജനാധിപത്യ വ്യവസ്ഥിതിയിൽ പ്രത്യേകിച്ചും.

പഞ്ചാബിൽ അക്രമങ്ങൾ ദിവസേന വർദ്ധിച്ചുവരുന്നതായാണു കാണുന്നത്. മററു സംസ്ഥാനങ്ങളിലേക്കും ഇവ വ്യാപിക്കുന്നു. സിഖ്ഭീകരത സിഖുകാർക്കെതിരായ ഭീകരതയെ സൃഷ്ടിച്ചുകൂടായ്കയില്ല. ഇന്ദിരാഗാന്ധിയുടെ വധത്തെത്തുടർന്ന് ദില്ലിയിലുണ്ടായ കൂട്ടക്കൊലകൾ നമുക്ക് ഒരു സാധനപാഠം ആകേണ്ടതാണ്.

മററുവിധത്തിൽ സമാധാനം സ്ഥാപിക്കുക സാദ്ധ്യമല്ലെങ്കിൽ പഞ്ചാബിലാകെ പട്ടാളഭരണം ഏർപ്പെടുത്തേണ്ടിവരും.

'മണിപോയാലതുമുണ്ടാക്കീടാം
തുണിപോയാലതുമുണ്ടാക്കീടാം
പ്രാണൻപോയാ, ലുണ്ണികളേ! പുന—
രുണ്ടാകില്ലെന്നമ്മ പറഞ്ഞു'

എന്ന കുഞ്ചൻനമ്പ്യാരുടെ വരികൾക്ക് ഇന്നും പ്രസക്തിയില്ലായ്കയില്ല.

നമ്മുടെ രാഷ്ട്രം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന താഴ്‌വരയിലെ ഇരുട്ടിന് 'കറുത്ത ഇടിമുഴക്ക'ത്തിനുശേഷം പെട്ടെന്നു കട്ടികൂടിയിട്ടുണ്ടെന്ന തോന്നലാണ് എനിക്ക്. ഈ ഇരുട്ടിൽ ആശാവഹങ്ങളായ പ്രകാശനാളങ്ങൾ എന്നു കണ്ടുതുടങ്ങുമെന്ന് അറിവില്ല. ജനാധിപത്യത്തിലും ഇന്ത്യയുടെ അഖണ്ഡതയിലും വിശ്വസിക്കുന്ന എല്ലാ പാർട്ടികളുടെയും പിന്തുണയുള്ളതും ദൃഢതയോടെ പ്രവർത്തിക്കാനാവശ്യമായ ഇച്ഛാശക്തി പുലർത്തുന്നതുമായ ഒരു ഗവണ്മെൻറാണ് പഞ്ചാബിൽ ഇന്ന് ഉണ്ടാവേണ്ടത്. ഉണ്ടാവാൻ ഒരു സാദ്ധ്യതയുമില്ലാത്തതും അതാണ്.

(21 മേയ്, 1988)

## 21. ഇടിമുഴക്കത്തിനു ശേഷം...

പഞ്ചാബിൽ അമൃതസരസ്സിലുള്ള സുവർണ്ണക്ഷേത്രത്തിൽ കയറിപ്പററി 'ഖാലിസ്ഥാൻ' എന്ന സ്വതന്ത്രരാഷ്ട്രം സ്ഥാപിച്ചതായി പ്രഖ്യാപിച്ച് അതിൻെറ പേരിൽ പിടിച്ചുപറിയും കൊലപാതകവും അടക്കമുള്ള അക്രമങ്ങൾ നടത്തുകയും ഇന്ത്യൻ സുരക്ഷിതത്വ സേനകൾക്കെതിരെ വെടിവെക്കുകയും ചെയ്ത സിഖ് ഉഗ്രവാദികളെ മൂന്നാമത്തെ തവണയും അവിടെനിന്നും തുരത്തുന്നതിനായി ഇക്കഴിഞ്ഞ മെയ്മാസത്തിൽ പഞ്ചാബ്പോലീസും കേന്ദ്രറിസർവ്പോലീസും ചേർന്നു കൈക്കൊണ്ട 'കറുത്ത ഇടിമുഴക്കം' എന്ന നടപടിയെപ്പററി ഈ പംക്തികളിൽ പ്രസ്താവിച്ചിരുന്നുവല്ലോ (1988 ജൂൺ 19). സുവർണ്ണക്ഷേത്രം ഇനിയൊരിക്കൽകൂടി ഉഗ്രവാദികളുടെ പടത്താവളമാവുന്നതു തടയാൻവേണ്ടി ആ ക്ഷേത്രത്തിനു ചുററുമുള്ള കെട്ടിടങ്ങൾ പൊളിച്ചുകളഞ്ഞ് അവിടെ കുറെ വീതിയിൽ ഒരു തുറന്ന മൈതാനം നിർമിക്കുന്നതിനുള്ള പഞ്ചാബ് ഗവണ്മെൻറിൻെറ പരിശ്രമം ആ സ്ഥലത്തു പാർത്തുവരുന്ന ജനങ്ങളുടെ എതിർപ്പിൻെറ ഫലമായി തല്ക്കാലത്തേക്കു നിർത്തിവയ്ക്കപ്പെട്ടിരിക്കുകയാണ്. ഈ ജനങ്ങളെ മററ് ഇടങ്ങളിൽ മാററി താമസിപ്പിക്കുന്നതിന് പഞ്ചാബ് ഗവണ്മെൻറ് പ്രയത്നിച്ചുവരുന്നു.

ഇതിനിടയിൽ നിരപരാധികളായ സാധാരണ ജനങ്ങളെ വെടിവെച്ചും ബോംബുപൊട്ടിച്ചും കൊലപ്പെടുത്തുന്ന ഏർപ്പാട് ഉഗ്രവാദികൾ പഞ്ചാബിനകത്തും പുറത്ത് ഹരിയാണ, ദില്ലി മുതലായ പ്രദേശങ്ങളിലും വ്യാപകമായി നടത്തിവരികയാണ്. മനുഷ്യത്വത്തിനു നിരക്കാത്ത ഈ അക്രമങ്ങളെപ്പററി എല്ലാ പ്രഭാതങ്ങളിലും റേഡിയോവിൽ കേൾക്കാനും ടെലിവിഷനിൽ കാണാനും പത്രങ്ങളിൽ വായിക്കാനും നാം വിധിക്കപ്പെട്ടിരിക്കുന്നു. ഒരു ദിവസവും മറെറാരു ദിവസവും തമ്മിൽ വ്യത്യാസം പഞ്ചാബിലെ മരണങ്ങളുടെ സംഖ്യയിൽ മാത്രമാണ് എന്നുവന്നിരിക്കുന്നു. 'കറുത്ത ഇടിമുഴക്കം' നടക്കുന്ന കാലത്ത് സുവർണക്ഷേത്രത്തിൽ ഇല്ലാതിരുന്ന 'ബബ്ബർഖാൽസാ' എന്ന ഭീകരസംഘമാണ് ഇപ്പോഴത്തെ അക്രമങ്ങൾക്കു മുഖ്യമായും ഉത്തരവാദിത്തംവഹിക്കുന്നതെന്നു പറയപ്പെടുന്നു.

സുവർണക്ഷേത്രം അടക്കമുള്ള സിഖ് ഗുരുദ്വാരകളുടെ ഭരണം നിയമപ്രകാരം നിക്ഷിപ്തമായിരിക്കുന്നത് 'ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിററി' എന്ന തിരഞ്ഞെടുക്കപ്പെട്ട സമിതിയിലാണ്. ഉഗ്രവാദികളോട് ആനുകൂല്യമുണ്ടെന്ന സംശയത്തിൽ ഇപ്പോൾ തടങ്ങലിൽ വെക്കപ്പെട്ടിരിക്കുന്ന ഗുരുചരൺ സിംഹ്ടോഹ്റയാണ് ഏറെക്കാലമായി ഈ കമ്മിററിയുടെ അദ്ധ്യക്ഷൻ. സിഖുകാരുടെ ഏററവും വിശുദ്ധമായ ദേവാലയമെന്നു കരുതപ്പെടുന്നത് സുവർണ്ണക്ഷേത്രത്തിലെ 'അകാൽതഖ്ത്' ആകുന്നു. അകാൽതഖ്ത് അടക്കമുള്ള